"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി-പെരിയാർ ഈസ്റ്റ് ഡിവിഷനിൽ റിസർച്ച് റെയ്ഞ്ചിലെ ഫോറസ്റ്റ് വാച്ചറായി (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ജോലി നോക്കവേ 25.06.2018 ൽ അന്തരിച്ച തങ്കപ്പൻ.പി യുടെ ഭാര്യ ശ്രീമതി. റാണി തങ്കപ്പന്, അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി, വനം വന്യജീവി വകുപ്പിൽ, ഇടുക്കി ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.26/2023/F&WLD തീയതി, തിരുവനന്തപുരം, 10-11-2023.

പരാമർശം:-

1. സ.ഉ.(സാധാ) നം. 12/99/പി &എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീമതി. റാണി തങ്കപ്പൻ, കാണിയിൽ വീട്, മന്നാകടി, കുമളി പി ഒ, ഇടുക്കി-685509 സമർപ്പിച്ച 14.09.2022, 30.03.2023 തീയതികളിലെ അപേക്ഷ.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.09.2021, 21.09.2023 തീയതികളിലെ ഇ6-3785/2021 നമ്പർ കത്തുകൾ.
4. ഇടുക്കി ജില്ലാ കളക്ടറുടെ 21.12.2022 ലെ DCIDK/5314/2021-A8 നമ്പർ കത്തും അനുബന്ധ രേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ റിസർച്ച് റേഞ്ചിലെ ഫോറസ്റ്റ് വാച്ചറായി (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ജോലി നോക്കവേ **25.06.2018** ൽ അന്തരിച്ച തങ്കപ്പൻ.പി യുടെ ഭാര്യ ശ്രീമതി. റാണി തങ്കപ്പൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശം (3) ലെ **28.09.2021** തീയതിയിലെ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയിരുന്നു. പ്രസ്തുത അപേക്ഷയിൻമേൽ ഇടുക്കി ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. പീരുമേട് തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശിയായി ഭാര്യ ശ്രീമതി. റാണി തങ്കപ്പൻ മാത്രമാണുള്ളത്. അപേക്ഷകയുടെ ജനനത്തീയതി **25.03.1975** ആണ്. ടിയാൾക്ക് 48 വയസ്സ് പൂർത്തിയായിട്ടുണ്ട്. മൂന്നാം ക്ലാസ്സ്

ആണ് ടിയാളുടെ വിദ്യാഭ്യാസ യോഗ്യത. ടിയാളുടെ കുടുംബ വാർഷിക വരുമാനം 48,000/-രൂപയാണെന്ന് കുമിളി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ അപേക്ഷ സമർപ്പിക്കുകയും ആയതു ജില്ലാ കളക്ടർ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട് . ഇടുക്കി ജില്ലയിൽ പാർട്ടൈം സ്വീപ്പർ തസ്തികയിൽ ഒരു ഒഴിവു ഉള്ളതായി പരാമർശം (3) ലെ **21.09.2023** തീയതിയിലെ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചിട്ടുണ്ട് .

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള നിയമനത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശം (1) ലെ ഉത്തരവിലെ ഖണ്ഡിക **19** പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണപ്പെട്ടുകഴിഞ്ഞാൽ ആശ്രിത നിയമനത്തിനായി, അപേക്ഷകൻ/ അപേക്ഷക പ്രായപൂർത്തിയായ ആളാണെങ്കിൽ മരണത്തീയതി മുതൽ **2** വർഷത്തിനുള്ളിലും, പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ, പ്രായ പൂർത്തിയായി **3** വർഷത്തിനുള്ളിലും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം. എന്നാൽ **25.06.2018** ൽ അന്തരിച്ച തങ്കപ്പൻ.പി യുടെ ഭാര്യ ശ്രീമതി. റാണി തങ്കപ്പൻ അപേക്ഷ സമർപ്പിച്ച സാധുവായ തീയതി **14.09.2022** ആണ്. അപേക്ഷ സമർപ്പിക്കുന്നതിനു കാലതാമസം ഉണ്ടായിട്ടുണ്ട്.

4. ആദിവാസി വിഭാഗക്കാരുടെ ആചാരമനുസരിച്ച് ഭർത്താവ് മരിച്ചാൽ രണ്ട് വർഷം ദുഃഖാചരണമായതിനാൽ കുടിയിൽ നിന്നും പുറത്തു പോകാൻ പാടില്ലാത്തതാണെന്നും റേഞ്ച് ഓഫീസിൽ നിന്ന് യഥാസമയം ആശ്രിതനിയമനത്തിനുള്ള കാര്യം അറിയിച്ചിരുന്നുവെങ്കിലും അറിവില്ലായ്മ മൂലവും സഹായത്തിനായി മക്കളോ മറ്റാരുമോ ഇല്ലാതിരുന്ന സാഹചര്യം ആയിരുന്നതിനാലും കോവിഡ് മഹാമാരി മൂലം കുടിയിൽ നിന്നും പുറത്തിറങ്ങാൻ പറ്റാത്തതു കൊണ്ടും ആണ് സമയത്തിന് അപേക്ഷ സമർപ്പിക്കാൻ താമസിച്ചത് എന്നും, മുന്നോട്ടുള്ള ജീവിതമാർഗ്ഗത്തിന് മറ്റ് വരുമാനമൊന്നും തന്നെ ഇല്ലാത്തതിനാൽ അറിവില്ലായ്മ മൂലമുള്ള കാലതാമസം മാപ്പാക്കി ജോലി നൽകണമെന്നും ശ്രീമതി. റാണി തങ്കപ്പൻ പരാമർശം (2) ലെ **30.03.2023** തീയതിയിലെ അപേക്ഷ പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

5. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ റിസർച്ച് റേഞ്ചിലെ ഫോറസ്റ്റ് വാച്ചറായി (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ജോലി നോക്കവേ **25.06.2018** ൽ അന്തരിച്ച തങ്കപ്പൻ.പി യുടെ ഭാര്യ ശ്രീമതി. റാണി തങ്കപ്പന്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ **2** വർഷം **3** മാസം **20** ദിവസത്തെ കാലതാമസം മാപ്പാക്കി, വനം വന്യജീവി വകുപ്പിൽ, ഇടുക്കി ജില്ലയിൽ പാർട്ട്

ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

6. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ടിയാൾക്ക് നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പുറപ്പെടുവിക്കുന്നതാണ്.

7. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനഃപൂർവം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ജില്ലാ കളക്ടർ, ഇടുക്കി.

ശ്രീമതി. റാണി തങ്കപ്പൻ, കാണിയിൽ വീട്, മന്നാകുടി, കുമളി പി ഒ, ഇടുക്കി-685 509. (രജിസ്റ്റേർഡ് തപാൽ മടക്കരസീത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്(റൂൾസ് 3/12/2023/ഉഭപവ, റൂൾസ് 3/133/2023/ഉഭപവ).

ധനകാര്യ വകുപ്പ്(അഗ്രി എ2/126/2023/ധന).

പൊതുഭരണ (എസ്.സി) വകുപ്പ്( ഇനം നമ്പർ 1870 തീയതി 8.11.2023).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

Date: 13-11-2023 10:54:18

സെക്ഷൻ ഓഫീസർ.

പകർപ്പ്- ബഹു. വനം വന്യജീവി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്.

അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-11-2023

ഫയൽ നം. എഫ്3/285/2021/വനം.

ഇനം നം: 1870

വിഷയം : വനം വന്യജീവി വകുപ്പ് - വനം വന്യജീവി വകുപ്പിൽ ഫോറസ്റ്റ് വാച്ചറായി (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ജോലി നോക്കവേ അന്തരിച്ച തങ്കപ്പൻ പി.-യുടെ ഭാര്യ ശ്രീമതി. റാണി തങ്കപ്പന്, അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, വനം വന്യജീവി വകുപ്പിൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്.

1870

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്3/285/2021/വനം. |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ്. |
| 3 | വിഷയം | വനം വന്യജീവി വകുപ്പിൽ ഫോറസ്റ്റ് വാച്ചറായി (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ജോലി നോക്കവേ അന്തരിച്ച തങ്കപ്പൻ.പി യുടെ ഭാര്യ ശ്രീമതി. റാണി തങ്കപ്പന്, അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, വനം വന്യജീവി വകുപ്പിൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.06.2023. |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്. ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ഷാജൻ.എ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | കെ.ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25.10.2023. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു.വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.10.2023. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.10.2023. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.10.2023. |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വന്യജീവി വകുപ്പിൽ ഫോറസ്റ്റ് വാച്ചറായി (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ജോലി നോക്കവേ അന്തരിച്ച തങ്കപ്പൻ.പി യുടെ ഭാര്യ ശ്രീമതി. റാണി തങ്കപ്പന്, അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, വനം വന്യജീവി വകുപ്പിൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2. വനം വന്യജീവി വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ റിസർച്ച് റേഞ്ചിലെ ഫോറസ്റ്റ് വാച്ചറായി (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ജോലി നോക്കവേ 25.06.2018 ൽ അന്തരിച്ച തങ്കപ്പൻ.പി യുടെ ഭാര്യ ശ്രീമതി. റാണി തങ്കപ്പൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ലഭ്യമാക്കിയിരുന്നു. ടിയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള നിയമനത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച 24/05/1999 ലെ സ ഉ (പി) നം. 12/99/ഉഭപവ ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം, സർക്കാർ ഉദ്യോഗസ്ഥൻ മരണപ്പെട്ടു കഴിഞ്ഞാൽ ആശ്രിത നിയമനത്തിനായി, അപേക്ഷകൻ/ അപേക്ഷക പ്രായപൂർത്തിയായ ആളാണെങ്കിൽ മരണത്തീയതി മുതൽ 2 വർഷത്തിനുള്ളിലും, പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ, പ്രായപൂർത്തിയായി 3 വർഷത്തിനുള്ളിലും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം. ശ്രീമതി. റാണി തങ്കപ്പൻ അപേക്ഷ സമർപ്പിച്ച സാധുവായ തീയതി 14.09.2022 ആയതിനാൽ അപേക്ഷ സമർപ്പിക്കുന്നതിനു കാലതാമസം ഉണ്ടായിട്ടുണ്ട് .

4. ശ്രീമതി. റാണി തങ്കപ്പന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് വരുത്തിയ കാലതാമസത്തിൽ ഇളവനുവദിച്ച്, അപേക്ഷ പരിഗണിക്കുന്ന വിഷയത്തിൽ ഉദ്യോഗസ്ഥ

ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"സ ഉ (പി) നം. 12/99/ഉഭപവ ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണപ്പെട്ടു കഴിഞ്ഞാൽ ആശ്രിത നിയമനത്തിനായി, അപേക്ഷകൻ/അപേക്ഷക പ്രായപൂർത്തിയായ ആളാണെങ്കിൽ മരണത്തീയതി മുതൽ 2 വർഷത്തിനുള്ളിലും, പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ, പ്രായപൂർത്തിയായി 3 വർഷത്തിനുള്ളിലും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 18/05/2004 ലെ സർക്കുലർ നം. 6678/ഉപസി.2/2004, 07/04/2022 ലെ സർക്കുലർ നമ്പർ ഉപ.സി2/88/2022/ഉഭപവ എന്നിവ പ്രകാരം രണ്ടു വർഷത്തിൽ കൂടുതലുള്ള കാലതാമസം തക്കതായ കാരണമുണ്ടെങ്കിൽ മന്ത്രിസഭയുടെ അനുമതിയോടെ മാപ്പാക്കി നൽകാവുന്നതാണ്. ടി വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഭരണ വകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണ് ".

5. ആദിവാസി വിഭാഗക്കാരുടെ ആചാരമനുസരിച്ച് ഭർത്താവ് മരിച്ചാൽ രണ്ട് വർഷം ദുഃഖാചരണമായതിനാൽ കുടിയിൽ നിന്നും പുറത്തു പോകാൻ പാടില്ലാത്തതാണെന്നും റേഞ്ച് ഓഫീസിൽ നിന്ന് യഥാസമയം ആശ്രിതനിയമനത്തിനുള്ള കാര്യം അറിയിച്ചിരുന്നുവെങ്കിലും അറിവില്ലായ്മ മൂലവും സഹായത്തിനായി മക്കളോ മറ്റാരുമോ ഇല്ലാതിരുന്ന സാഹചര്യം ആയിരുന്നതിനാലും കോവിഡ് മഹാമാരി മൂലം കുടിയിൽ നിന്നും പുറത്തിറങ്ങാൻ പറ്റാത്തതു കൊണ്ടും ആണ് സമയത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് സാധിക്കാത്തതെന്നും മുന്നോട്ടുള്ള ജീവിതമാർഗ്ഗത്തിന് മറ്റ് വരുമാനമൊന്നും തന്നെ ഇല്ലാത്തതിനാൽ അറിവില്ലായ്മ മൂലമുള്ള കാലതാമസം മാപ്പാക്കി ജോലി നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. റാണി തങ്കപ്പൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

6. ശ്രീമതി. റാണി തങ്കപ്പന്, ടിയാളുടെ അപേക്ഷ പരിഗണിച്ച്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കി, വനം വന്യജീവി വകുപ്പിൽ, ഇടുക്കി ജില്ലയിൽ, (ഇടുക്കി ജില്ലയിൽ ഒഴിവില്ലെങ്കിൽ അപേക്ഷയിൽ പറഞ്ഞിട്ടുള്ള മറ്റു ജില്ലകളിൽ, ഇടുക്കി ജില്ലയിൽ ഒഴിവുണ്ടാകുമ്പോൾ മേൽ ജില്ലയിലേയ്ക്ക് ട്രാൻസ്ഫർ നൽകണം എന്ന വ്യവസ്ഥയോടെ), പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന്

അനുമതി നൽകാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

7. തുടർന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി ഉത്തരവാകുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"വനം വന്യജീവി വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ റിസർച്ച് റേഞ്ചിലെ ഫോറസ്റ്റ് വാച്ചറായി (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ജോലി നോക്കവേ 25.06.2018 – ൽ അന്തരിച്ച തങ്കപ്പൻ.പി യുടെ ഭാര്യ ശ്രീമതി. റാണി തങ്കപ്പന്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കി, വനം വന്യജീവി വകുപ്പിൽ, ഇടുക്കി ജില്ലയിൽ ഒഴിവില്ലെങ്കിൽ അപേക്ഷയിൽ പറഞ്ഞിട്ടുള്ള മറ്റു ജില്ലകളിൽ ഇടുക്കി ജില്ലയിൽ ഒഴിവുണ്ടാകുമ്പോൾ മേൽ ജില്ലയിലേയ്ക്ക് ട്രാൻസ്ഫർ നൽകണം എന്ന വ്യവസ്ഥയോടെ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിൽ ധനവകുപ്പിന് വിയോജിപ്പില്ല എന്ന് അറിയിക്കുന്നു. കൂടാതെ ശ്രീമതി. റാണി തങ്കപ്പൻ ഫോറസ്റ്റ് വാച്ചർ തസ്തികയിലേക്കാണ് ആദ്യം അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നതിനാൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് നിയമനം നല്കുന്നത് അനുവദനീയമാണോ എന്നതിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം കൂടി ആരായേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

8. തുടർന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. ടി വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" 24/05/1999 ലെ സ.ഉ.(പി) 12/99/ഉഭപവ. ഉത്തരവിന്റെ ഖണ്ഡിക 19, 25 എന്നിവ പ്രകാരം തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധി അധികരിച്ചിട്ടുണ്ട്. തസ്തികമാറ്റത്തിനുള്ള അപേക്ഷയിൽ കാലതാമസം മാപ്പാക്കാൻ വ്യവസ്ഥയില്ല. എന്നാൽ ടി ഉത്തരവിന്റെ ഖണ്ഡിക 20 ൽ ഒരാൾ ഓപ്റ്റ് ചെയ്തിട്ടുള്ള തസ്തികയിൽ ഒഴിവുകൾ ലഭ്യമല്ലെങ്കിൽ ഏത് സബോർഡിനേറ്റ് തസ്തികയിലും നിയമനം നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കേസിൽ അപേക്ഷകൻ ആദ്യം അപേക്ഷ സമർപ്പിച്ചിരുന്ന ഫോറസ്റ്റ് വാച്ചർ തസ്തികയിൽ ഒഴിവുകൾ ഇല്ലായെങ്കിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന്

തടസ്സമില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്. "

9. അപ്പൻഡിക്സ് എ അപേക്ഷ പ്രകാരം അപേക്ഷക അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ഫോറസ്റ്റ് വാച്ചർ തസ്തികയിലേയ്ക്കാണ്. ശ്രീമതി. റാണി തങ്കപ്പന് മൂന്നാം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയായതിനാൽ ഫോറസ്റ്റ് വാച്ചർ തസ്തികയിലേയ്ക്ക് ടിയാളെ പരിഗണിക്കാനാവില്ല. ജില്ലാ കളക്ടർ ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്കാണ് ശിപാർശ ചെയ്തിട്ടുള്ളത്. പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകയും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒരു ഒഴിവ് ഉള്ളതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വനം വന്യജീവി വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ റിസർച്ച് റേഞ്ചിലെ ഫോറസ്റ്റ് വാച്ചറായി (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ജോലി നോക്കവേ 25.06.2018 ൽ അന്തരിച്ച തങ്കപ്പൻ.പി യുടെ ഭാര്യ ശ്രീമതി. റാണി തങ്കപ്പന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 2 വർഷം 3 മാസം 20 ദിവസത്തെ കാലതാമസം മാപ്പാക്കി, ഇടുക്കി ജില്ലയിൽ, വനം വന്യജീവി വകുപ്പിൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകാവുന്നതാണോ ?